ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/09/2016*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2014-16*


# NECHIYIL

**AYURVEDA VAIDYASALA & NURSING HOME**
**Karalmanna - 679 506**
**Ph: 0466-2281540 (Clinic), 2283408 (nursing home), 2282240 (res)**
**www.nechiyilayurveda.com**
**email:snechiyil@gmail.com**



- For scientific Ayurvedic treatments with a traditional touch
- SNEHA SWEDA KARMAS & PANCHAKARMA treatments are also done.
- Specialised in SIDHA medicine

**PHYSICIANS**

**Proff, Dr. N. Sasi kumar, B.A.M.S., M.D. (Ay)**

**Dr. Krishna Sasi Kumar, B.A.M.S**

**(OP Timing: 8.30 am to 1 pm & 3 pm to 7 pm)**

**Medicine Manufacturing Sector: SIDHESWARA DRUGS**
**Division for Manufacturing & Distribution of**
**Sidha and Ayurvedic Medicine**


*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com* *Phone: 9562529095*



॥ओ३म्॥

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*
**വൈദിക – ദാർശനിക മാസിക**
**DAYANANDA SANDESAM**


ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!




പുസ്തകം : 4 ലക്കം 03

വേദ സൃഷ്ടി സംവത്സരം 1972949117 കലിവർഷം 5118 ശ്രാവണം – ഭാദ്രപാദം
1192 ചിങ്ങം – കന്നി 2016 സെപ്റ്റംബർ

വാർഷിക വരിസംഖ്യ: ₹ 60 /- ദീർഘകാലം: ₹1000/-



## ശ്രീനാരായണ ഗുരു (1856 – 1928)

**<u>ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ</u>**

| | | |
|---|---|---|
| സെപ്റ്റംബർ 14 | : | തിരുവോണം |
| സെപ്റ്റംബർ 16 | : | ശ്രീനാരായണ ഗുരുജയന്തി |
| സെപ്റ്റംബർ 21 | : | ശ്രീനാരായണ ഗുരുസമാധി |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



### *മണ്ഡലം 1 സൂക്തം 6*

***മധുച്ഛന്ദാ ഋഷിഃ ഇന്ദ്രഃ ദേവതാഃ വിരാഡ് ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ***

**യുഞ്ജന്ത്യസ്യ കാമ്യാ ഹരീ വിപക്ഷസാ രഥേ।**

**ശോണാ ധൃഷ്ണൂ നൃവാഹസാ ॥**

*(ഋഗ്വേദം 1.6.2)*

**പദാർത്ഥം:** ഏതൊരു വിദ്വാനാണോ (അസ്യ) സൂര്യന്റേയും അഗ്നിയുടേയും എല്ലാവരുടേയും ഇച്ഛ നേടാൻ യോഗ്യനും (ശോണാ) തങ്ങളുടെ വർണ്ണങ്ങളുടെ പ്രകാശം ചെയ്യുന്നവനും ഗമനഹേതുവും (ധൃഷ്ണൂ) ദൃഢവും (വിപക്ഷസാ) വിവിധകലകളും ജലചക്രങ്ങൾ തിരിക്കാനുതകുന്ന യന്ത്രങ്ങളോടുകൂടിയതും (നൃവാഹസാ) യാത്രയ്ക്ക് ഏറ്റവും അനുയോജ്യമായതും മനുഷ്യർ തുടങ്ങിയവരെ ദേശദേശാന്തരങ്ങളിലേക്ക് എത്തിക്കുവാൻ (ഹരീ) ആകർഷണവും വേഗതയും ശുക്ലപക്ഷ-കൃഷ്ണപക്ഷരൂപത്തിലുള്ള രണ്ടു കുതിരകളെ സ്വീകരിച്ച് ഇത്തരം ശ്രേഷ്ഠഗുണങ്ങളോട് കൂടി പൃഥിവിയിലും ആകാശത്തിലും എത്തുന്നതിന് തന്റെ രഥത്തോട് (യുഞ്ജന്തി) ഇവയെ ബന്ധിപ്പിച്ചാലും.

**ഭാവാർത്ഥം:** ഈശ്വരൻ ഉപദേശിക്കുന്നു. മനുഷ്യർ ഭൂമി, ജലം തുടങ്ങിയ പദാർത്ഥങ്ങളുടെ ഗുണങ്ങളറിയുകയും അവയുടെ സഹായത്താൽ ഭൂമി, ജലം, ആകാശം എന്നിവിടങ്ങളിലൂടെ യാത്രചെയ്യാൻ നല്ല സവാരികളെ ഉണ്ടാക്കുന്നില്ലെങ്കിൽ അവർക്ക് അതുണ്ടാകുന്നതുവരെ ഉത്തമരാജ്യം, ധനം, ഉത്തമസുഖം എന്നിവ ലഭിക്കുകയില്ല.

ജർമ്മൻ ദേശവാസിയായ മോക്ഷമൂലർ സാഹിബ്ബ് (മാക്സ് മുള്ളർ) ഈ മന്ത്രത്തിന് വിപരീത അർത്ഥമാണ് നൽകിയിരിക്കുന്നത്. എന്നാൽ അതിങ്ങനെയാണ്. (അസ്യ) സർവ്വനാമവാചിയായ ഈ ശബ്ദത്തിന്റെ നിർദ്ദേശത്തിൽ നിന്നും വ്യക്തമാവുന്നത് ഈ മന്ത്രത്തിൽ ഇന്ദ്രദേവതയാണെന്നാണ്. എന്തെന്നാൽ ചുവന്നനിറത്തിലുള്ള കുതിര ഇന്ദ്രന്റേതാണ്. ഇവിടെ സൂര്യൻ, ഉഷ എന്നിവയെ അർത്ഥമാക്കുന്നില്ല. എന്തെന്നാൽ ചുവന്ന നിറത്തിലുള്ള കുതിര ഇന്ദ്രന്റേതാണ്. ഈ അർത്ഥം ശരിയല്ല. എന്തെന്നാൽ 'അസ്യ' എന്ന ഈ പദത്തിൽ ഭൗതിക സൂര്യൻ, അഗ്നി എന്നിവയുടെ വിവരണമാണ്. ശരീരധാരികളുടേതല്ല. 'ഹരി' എന്ന പദത്തിന് സൂര്യനെ ധാരണം ചെയ്യുന്നതും ആകർഷണഗുണത്തെ ഗ്രഹിക്കുക എന്നും അതേപോലെ 'ശോണാ' എന്ന ശബ്ദത്തിന് അഗ്നിയുടെ ചുവപ്പ് നിറത്തിന്റെ ഭാവവും വരുന്നതിനാൽ നേരത്തെ വിവരിച്ച മന്ത്രത്തിൽ ഒരു കുതിര എന്നു പറഞ്ഞതും യഥാർത്ഥത്തിൽ ഏകവചനത്തിൽ അശ്വജാതി എന്നാണ് മനസ്സിലാക്കേണ്ടത്. മാത്രമല്ല, 'അസ്യ' എന്ന ഈ ശബ്ദം പ്രത്യക്ഷഅർത്ഥവാചിയായതിനാൽ സൂര്യാദിപ്രത്യക്ഷ അർത്ഥപദാർത്ഥങ്ങളുടെ ഗ്രാഹകനാവുന്നു. ഇത്തരം കാരണങ്ങളാൽ മോക്ഷമൂലർ സാഹിബ്ബിന്റെ അർത്ഥം ശരിയല്ല.

***(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്***

***തർജ്ജമ : കെ.എം. രാജൻ)***

***ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)***
***ഈ ജഗത് മുഴുവനും ഈശ്വരമയമാണ്***





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## 'സത്യപ്രകാശം' വൈദിക ശിൽപ്പശാല

### ഈശ്വരനുണ്ടോ?.....

ഈ ചോദ്യം ഒരിക്കലെങ്കിലും ഏവരുടേയും മനസ്സിൽ ഉയർന്ന് വന്നിട്ടുണ്ടാവും. ചിലർ അത് പരസ്യമായി പ്രകടിപ്പിക്കുകയും ചെയ്യുന്നു. മറ്റു ചിലർ ഭയം മൂലം ഇതിനെ കുറിച്ച് ചർച്ച ചെയ്യാനോ പഠിക്കാനോ തയ്യാറാകുന്നില്ല.
ഉണ്ട് എന്നാണ് നിങ്ങളുടെ ഉത്തരമെങ്കിൽ ഈശ്വരനെ കണ്ടിട്ടുണ്ട് എന്ന് താങ്കൾക്ക് ഉറപ്പിച്ച് പറയാൻ കഴിയുമോ? താങ്കളുടെ ബന്ധുമിത്രാദികൾ ആരെങ്കിലും കണ്ടിട്ടുണ്ടോ? നാസ്തികരെന്ന് അഭിമാനിക്കുന്നവരുടെ ഇത്തരം ചോദ്യങ്ങൾക്ക് മുന്നിൽ നിങ്ങൾ പലപ്പോഴും ചൂളിപ്പോയിട്ടില്ലേ? വേദപ്രചാരം ലോപിച്ചു പോയപ്പോഴാണ് ഇത്തരം നാസ്തിക ചിന്തകൾ ഉടലെടുത്തത്.

ജിജ്ഞാസുക്കൾക്ക് ഉണ്ടാകുന്ന സംശയങ്ങൾ ദുരീകരിക്കുന്നതിനായിട്ടുള്ള സത്രങ്ങൾ ഭാരതത്തിൽപ്രാചീന കാലം മുതൽ ഉണ്ടായിരുന്നു. പ്രശ്നോപനിഷത്തിലെ പിപ്പലാദ ഋഷിയുടെ ഉപദേശങ്ങളും കഠോപനിഷത്തിലെ യമനചികേത സംവാദവും മുതൽ വൈദിക ധർമ്മ പതാകയേന്തി ദ്വിഗ്വിജയം നടത്തിയ ശങ്കരാചാര്യരും 19 ാം നൂറ്റാണ്ടിലെ നവോത്ഥാന നായകനും വേദോദ്ധാരകനുമായിരുന്ന മഹർഷി ദയാനന്ദ സരസ്വതിയും ഇത്തരം ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരങ്ങൾ നൽകി ജനങ്ങളിൽ ആസ്തിക്യ ബോധത്തെ ഊട്ടി ഉറപ്പിച്ചു. മഹർഷി ദയാനന്ദ സരസ്വതിയുടെ വേദങ്ങളിലേക്ക് മടങ്ങുക എന്ന ആഹ്വാനവും സത്യാർത്ഥപ്രകാശം എന്ന വിശ്വപ്രസിദ്ധമായ ഗ്രന്ഥവും പൂനാപ്രവചനമെന്ന് അറിയപ്പെടുന്ന പ്രഭാഷണങ്ങളും ദേശീയ നവോത്ഥാനരംഗത്ത് ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചു.

ഇന്ന് ആദ്ധ്യാത്മികതയും ഭക്തിയും ആയിരം മടങ്ങ് വർദ്ധിച്ചതായാണ് കാണുന്നത്. ആരാധനാലയങ്ങളിലും ഭക്തി പ്രഭാഷണങ്ങളിലും വഴിപാടുകളിലും വൻജനാവലി പങ്കെടുക്കുന്നു. ഇത്രയേറെ ആദ്ധ്യാത്മിക പുരോഗതി ദർശിച്ചാലും രോഗങ്ങൾ, കുടുംബകലഹം, മദ്യപാനം, ആത്മഹത്യ, അനാചാരങ്ങൾ, തീവ്രവാദം എന്നീ കാരണങ്ങളാൽ ജനം വലയുന്നു. വർണ്ണ വർഗ്ഗ മത വ്യത്യാസങ്ങൾക്കതീതമായി ജീവിത പ്രശ്നങ്ങൾക്കിടെ വീർപ്പുമുട്ടുന്നവർ ഇന്ന് ആത്മാർത്ഥമായി തന്നോട് തന്നെ ഈ ചോദ്യങ്ങൾ ഉന്നയിക്കുന്നു. ഈശ്വരനുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ട് ഈ അനീതികൾ നിർബാധം നടക്കുന്നു? വഴിപാടുകൾക്കും നേർച്ചകൾക്കും ഇതാണോ ഫലം?

ഇത്തരം സംശയങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ശ്രമിക്കുകയും ആദ്ധ്യാത്മിക ഉന്നതി ഉണ്ടാക്കി സമാജത്തിൽ ആസ്തിക്യ ബോധം വർദ്ധിപ്പിക്കുകയുമെന്ന സദുദ്ദേശത്തോടെ ഋഷീശ്വരന്മാരുടെ പാത പിൻതുടർന്ന് ആര്യസമാജത്തിന്റെ നേതൃത്വത്തിൽ കാറൽമണ്ണ പണ്ഡിറ്റ് ഋഷിറാം ആര്യോപദേശക് മഹാവിദ്യാലയത്തിൽ (വേദഗുരുകുലം) വെച്ച് 2016 സപ്തംബർ 16 മുതൽ 18 വരെ ഒരു പഠനശിബിരം നടത്തുന്നു. ശിബിരത്തിൽ പൂർണ്ണ സമയവും സന്നിഹിതരാവാൻ സന്നദ്ധതയുള്ളവർ മാത്രം അപേക്ഷിച്ചാൽ മതി. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമേ ഈ ശിബിരത്തിൽ പ്രവേശനം ലഭിക്കുകയുള്ളൂ.ആര്യസമാജത്തിലെ പ്രശസ്ത ശാസ്ത്രാർത്ഥ (മത സംവാദ വിദഗ്ദ്ധൻ) പണ്ഡിതനായ ആചാര്യ ആനന്ദ് പുരുഷാർത്ഥിയുടെ മാർഗദർശനത്തിൽ നടക്കുന്ന ഈ ശിബിരത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക 9562529095, 9497127923, 9446017440 ഇമെയിൽ : aryasamajvellinezhi@gmail.com

**ആര്യസമാജം, വെള്ളിനേഴി**

***സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)***
***ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !***

## ആരോഗ്യവേദി



# ആധുനിക വൈദ്യശാസ്ത്രവും അലോപ്പതിയും

ഡോ. മുരളീകൃഷ്ണൻ. ആർ
എം. ബി. ബി. എസ്, ഡി. എ, ഡി. എഫ്. എച്ച്

**ഈ** തലക്കെട്ടുവായിക്കുന്നവർക്ക് തീർച്ചയായും ഒരു സംശയം ഉണ്ടാകാം. രണ്ടും ഒന്നു തന്നെയല്ലേയെന്ന്. അല്ല എന്നതാണ് ഉത്തരം. എന്താണ് രണ്ടും തമ്മിലുള്ള വ്യത്യാസങ്ങൾ എന്നൊന്നു പരിശോധിക്കാം.

എല്ലാ സച്ഛാസ്ത്രങ്ങളുടെയും പിറവി വേദങ്ങളിൽ നിന്നാണെന്നാണ് ദയാനന്ദമതം. വൈദ്യത്തെ സംബന്ധിച്ചിടത്തോളം അതു പരമസത്യമാണുതാനും. വേദങ്ങളിലെ വൈദ്യം ആയുർവേദമായി ക്രോഡീകരിക്കപ്പെട്ടു. ഭാരതീയ സംസ്കാരം ലോകത്താകമാനം വെളിച്ചം നൽകിയിരുന്ന അക്കാലത്ത് ആയുർവേദവും കടലുകൾക്കപ്പുറം കടന്നു ചെന്നു. ഗ്രീക്കുകാർ ഭാരതത്തിൽ നിന്നും വൈദ്യന്മാരെ വരുത്തി അവരിൽ നിന്നും വൈദ്യവിദ്യ പഠിച്ചു. ഗ്രീക്കുകാരിൽ നിന്നു അറബികൾ വൈദ്യം പഠിച്ചു. അവർ ആ ചികിത്സയെ യുനാനി (ഗ്രീക്ക് എന്നർത്ഥം) എന്നു വിളിച്ചു. ഗ്രീക്കു വൈദ്യം റോമൻ, യൂറോപ്യൻ വൈദ്യന്മാർക്കും അടിസ്ഥാനമായി. ഹിപ്പോക്രാറ്റസിനെയും ഗാലനെയും (ഗ്രീക്ക്) അവിസെന്നയെയും (അറബികൾ) പോലുള്ള പ്രതിഭാശാലികൾ പാശ്ചാത്യ വൈദ്യത്തിനു കനത്ത സംഭാവനകൾ നൽകി. പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം വരെ അവരുടെ പ്രഭാവം നിലനിന്നു.

അക്കാലത്തെ വൈദ്യതത്വശാസ്ത്രം ത്രിദോഷ (വാതം, പിത്തം, കഫം) – ചതുർ ദോഷ (രക്തം, കഫം, 'മഞ്ഞ'പിത്തം, 'കറുത്ത'പിത്തം) സിദ്ധാന്തങ്ങളെ കേന്ദ്രീകരിച്ചിള്ളതായിരുന്നു. അതിനെ അടിസ്ഥാനപ്പെടുത്തി രക്തമോക്ഷം, വമനം, വിരേചനം, തീപൊള്ളിക്കൽ മുതലായ ചികിത്സാരീതികളും നിലനിന്നിരുന്നു. പലപ്പോഴും ചികിത്സയുടെ ഭീകരത മൂലം രോഗി മരണമടയുക പതിവായിരുന്നു. ഇതെല്ലാം കണ്ട് ചികിത്സമടുത്താണ് സാമുവൽ ഹാനിമാൻ സ്വന്തം ചികിത്സാ തത്ത്വശാസ്ത്രവും ചികിത്സാരീതിയും അവലംബിച്ചത്. തന്റെ സിദ്ധാന്തത്തെ അദ്ദേഹം Like cures like എന്നാണ് അവതരിപ്പിച്ചത്. ചികിത്സയെ അദ്ദേഹം ഹോമിയോപ്പതി എന്ന് വിളിച്ചു. മറുവിഭാഗത്തെ അലോപ്പതി എന്നും (Allo = Opposite – വിരുദ്ധം). അങ്ങിനെ വരുമ്പോൾ ഹാനിമാൻ തന്റെ കാലത്ത് നിലനിന്ന പാരമ്പര്യചികിത്സയെ വിളിച്ച പേരാണ് അലോപ്പതിയെന്നത്.

പതിനെട്ടാം നൂറ്റാണ്ടോടുകൂടി പാശ്ചാത്യശാസ്ത്രങ്ങൾ പള്ളിയുടെ കെട്ടുപാടുകളിൽ നിന്നും മോചനം പ്രാപിച്ചുതുടങ്ങി. ശരീരവ്യവച്ഛേദന ശാസ്ത്രവും ശരീരധർമ്മപഠനശാസ്ത്രവും കൂടുതൽ വികാസം പ്രാപിച്ചു. ഊർജ്ജതന്ത്രവും രസതന്ത്രവും വികാസമാർഗ്ഗത്തിലായി. സസ്യശാസ്ത്രവും ജന്തുശാസ്ത്രവും കൂടുതൽ അറിവിലേക്ക് നയിക്കപ്പെട്ടു. 19–ാം നൂറ്റാണ്ടോടുകൂടി സാമൂഹ്യശാസ്ത്രവും സാമൂഹ്യജീവിതവും വികസിച്ചു. വൈദ്യം, സാമൂഹ്യതലങ്ങളെ സ്വാധീനിക്കുവാൻ തുടങ്ങി, തിരിച്ചും.

(തുടരും)

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*





# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

വൈദിക-ദാർശനിക മാസിക

പുസ്തകം : 4 ലക്കം 03

വേദ സൃഷ്ടി സംവത്സരം 1972949117 കലിവർഷം 5118 ശ്രാവണം – ഭാദ്രപാദം
1192 ചിങ്ങം– കന്നി 2016 സെപ്റ്റംബർ

**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**

**താളുകൾ മറിക്കുമ്പോൾ**

| | | |
|---|---|---|
| വേദാദ്ധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| വൈദിക ഈശ്വരൻ | : | 6 |
| ഉപദേശ മഞ്ജരി | : | 7 |
| ജീവിതം ഒരലയാഴി | : | 9 |
| വേദാന്തി ധ്വാന്തി നിവാരണം | : | 10 |
| സംശയനിവാരിണി | : | 11 |
| മഹർഷി ദയാനന്ദ സരസ്വതി | : | 12 |
| വേദപ്രകാശം പാഠാവലി | : | 13 |
| ആരോഗ്യവേദി | : | 14 |

**വിലാസം**

**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/kerala**

## മുഖവാണി

## സാ വിദ്യാ യാ വിമുക്തയേ



**മ**നുഷ്യരുടെ ആദ്യ നിയമസംഹിതയായ മനുസ്മൃതിയിൽ ഒരു ശ്ലോകമിങ്ങനെയാണ്

**ഭൂതാനാം പ്രാണിനഃ ശ്രേഷ്ഠാഃ പ്രാണിഷു ബുദ്ധിജീവിനഃ |**
**ബുദ്ധിമത്സു നരാഃ ശ്രേഷ്ഠാ നരേഷു ബ്രാഹ്മണാഃ സ്മൃതാഃ ||**
(മനു:1.9.6)

ചരാചരജഗത്തിൽ ജീവധാരി (പ്രാണി) കൾ ശ്രേഷ്ഠമാണ്. പ്രാണികളിൽ ബുദ്ധിജീവികൾ ശ്രേഷ്ഠരാണ്. ബുദ്ധിമാൻമാരിൽ നരൻ (മനുഷ്യൻ) ശ്രേഷ്ഠനാണ്. നരൻമാരിൽ വേദജ്ഞാനികളായ ബ്രഹ്മവിദ് സർവ്വശ്രേഷ്ഠരാണ്.

ഈ ലോകത്തിൽ ഏറ്റവും ഉത്തമജീവിയായി മനുഷ്യർ ജന്മമെടുക്കുന്നു. എന്നാൽ അയാളുടെ ജ്ഞാനം സ്വാഭാവികമല്ലാത്തതിനാൽ നൈമിത്തികമാണ്. അതിനാൽ അയാൾക്ക് മാതാപിതാക്കളും ആചാര്യനും അറിവ് പകർന്നു കൊടുക്കുന്നു. അതില്ലെങ്കിൽ അയാൾ

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

പശുപക്ഷി തുടങ്ങിയ പ്രാണികളേക്കാളും അധമനായി തീരും. അതായത് മനുഷ്യന് ജ്ഞാനം, വിദ്യ, വിവിധകലകൾ തുടങ്ങിയവ അത്യന്തം ആവശ്യകമാണ്. മനുഷ്യന് മാനവ സമാജത്തിൽ ഉന്നതപദവി നേടികൊടുക്കുന്നത് വിദ്യ അഥവാ ജ്ഞാനമാണ്. സ്വമന്തവ്യാമന്തവ്യ പ്രകാശത്തിൽ മഹർഷി ദയാനന്ദൻ പറയുന്നു.. 'ഏതൊന്നിലാണൊ വിദ്യ, സഭ്യത, ധർമ്മാത്മത, ജിതേന്ദ്രിയതാ തുടങ്ങിയവ വർദ്ധിക്കുന്നത് അതേപോലെ അവിദ്യാദിദോഷങ്ങളിൽ നിന്നും മോചനം ലഭിക്കുന്നത് അതിനെയാണ് വിദ്യാഭ്യാസമെന്നു പറയുന്നത്'. ആര്യോദ്ദേശ്യരത്നമാലയിൽ അദ്ദേഹം വീണ്ടും പറയുന്നു "ഏതൊന്നാണൊ ഈശ്വരൻ മുതൽ പൃഥിവി പര്യന്തമുള്ള പദാർത്ഥങ്ങളും സത്യ-വിജ്ഞാനം ഉണ്ടാക്കുന്നതും അവയുടെ യഥായോഗ്യമായ പ്രയോജനം നേടിയെടുക്കാൻ കഴിയുന്നതും അതിനെ വിദ്യ എന്നു പറയുന്നു."

എന്നാലിന്നു കാണുന്ന വിദ്യാഭ്യാസപദ്ധതിമൂലം തികച്ചും വിപരീതഫലങ്ങളാണ് കണ്ടുവരുന്നത്. ഈ ആധുനിക വിദ്യാഭ്യാസം മൂലം സഹൃദയരല്ലാത്ത മനുഷ്യയന്ത്രങ്ങളുടെ നിർമ്മാണം മാത്രമാണ് നടക്കുന്നത്. ഇതിന്റെ ഫലമായി എല്ലായിടത്തും സ്വാർത്ഥം, അനാചാരം, അത്യാചാരം, അധർമ്മം, അന്യായം, അകർമ്മണ്യത, വിഷയലോലുപത, ദുരാചാരം, വർഗ്ഗീയത, അഴിമതി എന്നിവയുടെ ഭീഭത്സദൃശ്യമാണ് കാണുന്നത്. മാതാപിതാക്കളും, അധ്യാപകരും വിദ്യാർത്ഥികളും കേവലം ധനസമ്പാദനത്തിനുമാത്രമായാണ് ആധുനിക വിദ്യാസത്തിൽ വിശ്വാസമർപ്പിക്കുന്നത്. ധനാദി ഐശ്വര്യങ്ങൾ തങ്ങളുടെ പരമലക്ഷ്യമല്ലെന്നും അവ ശാശ്വതമല്ലെന്നും അവർ മനസ്സിലാക്കുന്നില്ല. ആദർശവും സംസ്കാരവും ഇല്ലാത്ത വിദ്യാഭ്യാസം മനുഷ്യരെ പഥഭ്രഷ്ടരാക്കും. അതിന്റെ പരിണാമഫലം രക്ഷകൻ ഭക്ഷകനും, നിർമ്മാതാവ് നാശകനും, അധ്യാപകൻ അനാചാരിയും, വിദ്യാർത്ഥി വിനയമില്ലാത്തവനും മറ്റും ആണ്.

വിദേശീയരായ ആക്രമണകാരികളുടെ കുടിലത കാരണമാണ് വേദങ്ങളാലും ഋഷി-മുനിമാരാലും കീർത്തിക്കപ്പെട്ട നമ്മുടെ പ്രാചീന വിദ്യാഭ്യാസ പദ്ധതി തകിടം മറിച്ചത്. ഈ വിഷമപരിസ്ഥിതിയിൽ നിന്നുമുള്ള രക്ഷാമാർഗ്ഗം വേദങ്ങളിലേക്ക് മടങ്ങുക, സത്യസനാതന വൈദിക സംസ്കാരത്തിലധിഷ്ഠിതമായ ആർഷ പരമ്പരക്കനുകൂലമായ വിദ്യാഭ്യാസപദ്ധതി തിരിച്ചുകൊണ്ടുവരിക എന്നതാണ്. ആര്യസമാജത്തിന്റെ നേതൃത്വത്തിൽ ഇത്തരം ഗുരുകുലങ്ങളുടെ പ്രവർത്തനം ഇന്നും നടന്നുവരുന്നുവെന്നത് മാത്രമാണ് ആശാവഹമായി കാണുന്നത്. എന്നാലതിനെ സംരക്ഷിക്കാനും പരിപോഷിക്കാനും പൊതുജനങ്ങളും സർക്കാരും മുൻകയ്യെടുക്കണം.

**പത്രാധിപർ**

*തിഷ്ഠൻ വൈ വീര്യവത്തമഃ (ശതപഥം 3.6.2.1)*
*ദൃഢതാപൂർവ്വം കർമ്മമനുഷ്ഠിക്കുന്ന വ്യക്തി എല്ലാവരിലും വെച്ച് ബലവാനും സഫലവാനുമാകുന്നു*







*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദപ്രകാശം പാഠാവലി

ജാതവേദൻ

## പാഠം 5 വാനപ്രസ്ഥ – സന്യാസാശ്രമങ്ങൾ

**ചോദ്യം 10 :** ***ദണ്ഡ്, കമണ്ഡലു, കാഷായവസ്ത്രം എന്നിവ ധരിക്കുന്നവരെയാണോ സന്യാസി എന്നു പറയുന്നത് ?***

**ഉത്തരം :** ദണ്ഡ്, കമണ്ഡലു, കാഷായവസ്ത്രം എന്നിവ ധരിക്കുന്നതുകൊണ്ടുമാത്രം ആരും സന്യാസിയാവില്ല അതിന് സന്യാസിയുടെ കർമ്മം ചെയ്യേണ്ടത് ആവശ്യമാണ്.

**ചോദ്യം 11:** ***സമാജത്തിൽ അന്ധവിശ്വാസം പ്രചരിക്കുന്നതെങ്ങിനെയാണ്?***

**ഉത്തരം :** യോഗ്യരായ സന്യാസിമാരില്ലാത്തതിനാലാണ് സമാജത്തിൽ അന്ധവിശ്വാസം പ്രചരിക്കുന്നത്.

**ചോദ്യം 12:** ***സന്യാസം സ്വീകരിക്കാനുള്ള യോഗ്യത ആർക്കാണ് ?***

**ഉത്തരം :** പൂർണ്ണവിദ്വാനായ വ്യക്തിക്കാണ് സന്യാസം സ്വീകരിക്കാനുള്ള അധികാരം.

**ചോദ്യം 13:** ***നമ്മുടെ രാജ്യത്ത് ലക്ഷകണക്കിന് സന്യാസിമാരുണ്ട്. എന്നിരുന്നിട്ടും ഇത്രയും അന്ധവിശ്വാസം നിലനിൽക്കുന്നത് എന്തുകൊണ്ടാണ് ?***

**ഉത്തരം :** മിക്ക സന്യാസിമാരും പാണ്ഡിത്യവും വൈരാഗ്യവുമില്ലാത്തവരാണ്. അവരിൽ അന്ധവിശ്വാസത്തെ ഇല്ലാതാക്കാനുള്ള ആഗ്രഹമോ കഴിവോ ഇല്ല. ഈ അന്ധവിശ്വാസങ്ങൾ അനാചാരങ്ങൾ പരത്തുന്നു.

**ചോദ്യം 14:** ***ധർമ്മത്തിന്റെ ലക്ഷണമെത്രയാണ് ? അവ ഏവ ?***

**ഉത്തരം :** ധർമ്മത്തിന് 10 ലക്ഷണങ്ങളുണ്ട്. അവ ഇപ്രകാരമാണ്. 1. ധൈര്യം, 2. ക്ഷമ, 3. മനസ്സിനെ ധർമ്മത്തിൽ ഉറപ്പിക്കുക, 4. മോഷണം ചെയ്യാതിരിക്കുക, 5. ശുദ്ധി, 6. ഇന്ദ്രിയനിയന്ത്രണം, 7. ബുദ്ധിയേ വർദ്ധിപ്പിക്കുക, 8. വിദ്യ, 9. സത്യം, 10. ക്രോധിക്കാതിരിക്കുക.

**ചോദ്യം 15:** ***യോഗ്യരായ സന്യാസിമാരെ എങ്ങിനെ തിരിച്ചറിയാം ?***

**ഉത്തരം :** സത്യോപദേശം, വേദം, ധർമ്മപ്രചാരം എന്നിവ ചെയ്യുന്നവരെ യോഗ്യസന്യാസിമാരായി കണക്കാക്കാം.

**ചോദ്യം 16:** ***യോഗത്തിന് എത്ര അംഗങ്ങളുണ്ട് ? അവ ഏവ?***

**ഉത്തരം :** യോഗത്തിന് 8 അംഗങ്ങളുണ്ട്. അവ ഇവയാണ് യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി.

(തുടരും)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*


(മുൻ ലക്കത്തിന്റെ തുടർച്ച)

**ആര്യവീർ ദളം – ബാലപംക്തി** **ആര്യവീരഗാഥ – 1**

# മഹർഷി ദയാനന്ദസരസ്വതി

നചികേതസ്

## മഹർഷി ദയാനന്ദ സരസ്വതി



### മിസ്റ്റർ റവഃ ഗ്രേ യുള്ള ശാസ്ത്രാർത്ഥം

ഇവിടെ വെച്ച് സ്വാമിജി ഗ്രേ സാഹിബുമായി ശാസ്ത്രാർത്ഥം നടത്തി. തെറ്റിദ്ധാരണകൾ നിറഞ്ഞ ഗ്രന്ഥമാണ് ബൈബിൾ എന്ന് സ്വാമിജി പറഞ്ഞിരുന്നു. മിസ്റ്റർ റവ: ഗ്രേ അതംഗീകരിച്ചിരുന്നില്ല. അതിനാൽ സ്വാമിജി അദ്ദേഹവുമായി സംവാദം നടത്തി. രണ്ടുപേരുടേയും ചോദ്യോത്തരങ്ങൾ എഴുതി തയ്യാറാക്കിയിരുന്നു. ശാസ്ത്രാർത്ഥത്തിൽ സ്വാമിജിയുടെ ചോദ്യങ്ങൾക്ക് റവ: ഗ്രേക്ക് ശരിയായ ഉത്തരങ്ങൾ നൽകാനായില്ല. അതിനാൽ ഗ്രേ സാഹിബിനേ സഹായിക്കാനായി ഫാദർ ഹുസ്ബെൻഡ് കൂടി സന്നിഹിതനായിരുന്നു. ബൈബിളിലെ വാക്യങ്ങളെ ഒന്നൊന്നായി എടുത്ത് കടുത്തവിമർശനം നടത്തിയത് മിഷണറിമാർക്ക് സഹിച്ചില്ല. മിഷണറിമാർ പല നിബന്ധനകളും വെച്ച് ചർച്ച പ്രഹസനമാക്കാൻ ശ്രമിച്ചു. ഈ ശാസ്ത്രാർത്ഥത്തെകുറിച്ച് കേണൽ ഓൽക്കോട്ട് ഇങ്ങിനെ അഭിപ്രായപ്പെടുന്നു. "ചർച്ചയുടെ രൂപം മേൽകാണിച്ചിരിക്കുന്നതിൽ നിന്നും മിഷണറിമാർ ഭാരതത്തിൽ സ്വീകരിച്ചിരിക്കുന്ന തന്ത്രം വ്യക്തമാക്കുന്നു. കഴിയുന്നിടത്തോളം പ്രാദേശികപണ്ഡിതന്മാരുമായുള്ള സംവാദത്തിൽ നിന്നവർ ഒഴിഞ്ഞുനിന്നു. അജ്ഞരും അക്ഷരാഭ്യാസമില്ലാത്തവരുടേയുമിടയിലാണവർ പ്രേഷിതപ്രവർത്തനം നടത്തിയത്. മിഷണറിമാരുടെ സ്കൂളുകളിലും കോളേജുകളിലും മതസംബന്ധമായ ചോദ്യങ്ങൾ കുട്ടികൾ ചോദിക്കുന്നത് അധ്യാപകർ അംഗീകരിച്ചിരുന്നില്ല. കുട്ടികൾ ഇത്തരം സംശയങ്ങൾ അഥവാ ഉന്നയിക്കുകയാണെങ്കിൽ ഉത്തരം ലഭിക്കുന്നതിന് അധ്യാപകരുടെ ഗൃഹങ്ങളിൽ ചെല്ലേണ്ടിയിരുന്നു. ഭാരതത്തിലെ മിഷണറിമാർക്ക് അവരുടെ പ്രേക്ഷിതപ്രവർത്തനങ്ങളിൽ കടുത്ത നിരാശ അനുഭവപ്പെട്ടിരുന്നെന്ന് നിഷ്പക്ഷമതികളായ യൂറോപ്യർ തന്നെ സമ്മതിച്ചിട്ടുണ്ട്. ദീനാനുകമ്പരായ പണക്കാർ പാതിരിമാർക്ക് സാധുജനസേവക്കായി നൽകുന്ന പണം അവർ ദുർവിനിയോഗം ചെയ്തിരുന്നു. അവ ഒരിക്കലും പാവപ്പെട്ടവർക്ക് ലഭിച്ചിരുന്നില്ല. (സ്വാമിജിയും മിഷണറിമാരും തമ്മിൽ നടന്ന ചർച്ചകൾ 'തിയോസഫിസ്റ്റിൽ' പ്രസിദ്ധീകരിച്ചിരുന്നു.)

അജ്മേറിൽ നിന്നും സ്വാമിജി ഹരിദ്വാറിലേക്ക് പോയി. അവിടെ കുംഭമേള നടക്കുകയായിരുന്നു. അവിടെ സന്നിഹിതരായിരുന്ന ലക്ഷകണക്കിന് ജനകൂട്ടത്തിന് മുമ്പിൽ സ്വാമിജി വൈദിക ധർമ്മനാദം മുഴക്കി. വേദങ്ങളുടെ യഥാർത്ഥ ദർശനം ജനങ്ങൾക്ക് മനസ്സിലാക്കികൊടുത്തു.

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*







(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

*മഹർഷി ദയാനന്ദ സരസ്വതി*

*തർജ്ജമ: കെ.എം. രാജൻ*

## അഥ വേദോൽപ്പത്തി വിഷയഃ

**ചോദ്യം: ഈശ്വൻ അവർക്ക് ജ്ഞാനം നൽകി. അങ്ങിനെ ആ ജ്ഞാനത്താൽ അവർ വേദരചന നടത്തി. ഇതല്ലെ സത്യം ?**

**ഉത്തരം**: അങ്ങിനെ പറയുന്നത് ഉചിതമല്ല. ഈശ്വരൻ അവർക്ക് ജ്ഞാനം എപ്രകാരം നൽകി എന്ന് നിങ്ങൾക്കറിയാമല്ലോ? "അവർക്ക് വേദരൂപിയായ ജ്ഞാനത്തെ നൽകി."

**ചോദ്യം: അപ്പോൾ ആ ജ്ഞാനം ഈശ്വരന്റേതോ അവരുടെ സ്വന്തമോ ?**

**ഉത്തരം**: ആ ജ്ഞാനം ഈശ്വരന്റേതു തന്നെ.

**ചോദ്യം: അപ്പോൾ വേദങ്ങൾ ഈശ്വരനിർമ്മിതമോ അതോ അവർ നിർമ്മിച്ചതോ ?**

**ഉത്തരം**: ജ്ഞാനം ആരുടേതാണൊ അയാൾ വേദരചന നടത്തി.

**ചോദ്യം: പിന്നെ വേദങ്ങൾ രചിച്ചത് അവരല്ലാ എന്ന് താങ്കൾ സംശയമുന്നയിച്ചതെന്തിന് ?**

**ഉത്തരം**: കാര്യം വ്യക്തമാക്കുന്നതിനും തീരുമാനിക്കുന്നതിനും.

ഈശ്വരോ ന്യായകാര്യസ്തി വാ പക്ഷപാതി ? ന്യായകാരി || തർഹി ചതുർണ്ണാമേ ഹൃദയേഷു വേദാഃ പ്രകാശിതാഃ കുതോ ന സർവ്വേഷാമിതി?

അത്രാഹ – അത ഈശ്വരെ പക്ഷപാതസ്യ ലേശോƒപി നൈവഗച്ഛതി, കിംത്വനേന തസ്യ ന്യായകാരിണഃ പരമാത്മനഃ സമ്യഗ് ന്യായഃ പ്രകാശിതോ ഭവതി | കുതഃ? ന്യായേത്യസ്യൈവ നാമാസ്തി യോ യാദൃശം കർമ്മകുര്യാത്തസ്മൈ താദൃശമേവ ഫലം ദദ്യാത് | അത്രൈവം വേദിതവ്യമ് – തേഷാമേവ പൂർവ്വപുണ്യമാസീദ്യതഃ ഖല്വേതേഷാം ഹൃദയേ വേദാനാം പ്രകാശഃ കർതും യോഗ്യƒസ്തി |

കിം ച തേ തു സൃഷ്ടേഃ പ്രാഗുൽപ്പന്നാസ്തേഷാം പൂർവ്വപുണ്യം കുത ആഗതമ് ?

അത്ര ബ്രൂമഃ – സർവ്വേ ജീവാഃ സ്വരൂപതോƒനാദയസ്തേഷാം കർമ്മാണി സർവ്വം ജഗച്ച പ്രവാഹേണൈവാനാദീനി സന്തീതി | ഏതേഷാമനാദിത്വസ്യപ്രമാണപൂർവ്വകം പ്രതിപാദനമഗ്രേ കരിഷ്യതെ |

**ഭാഷാർത്ഥം:– (ചോദ്യം) ഈശ്വരൻ ന്യായകാരിയോ പക്ഷപാതിയോ ?**

**ഉത്തരം**: ന്യായകാരി

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*

# വൈദിക ഈശ്വരൻ

കെ.എം. രാജൻ

3. ഈശ്വന് നിരവധി ഗുണവിശേഷണങ്ങളുണ്ട്. അജ്ഞരായ ജനങ്ങൾ ഈ ഗുണവിശേഷങ്ങളെ വ്യത്യസ്ത ഈശ്വരൻമാരായി തെറ്റിദ്ധരിക്കുന്നു. ഉദാഹരണത്തിന് ഇന്നത്തെ പത്രത്തിൽ ഒരിടത്ത് 'ഡോ.സിംഗ്' എന്നും മറ്റൊരിടത്ത് 'മൻമോഹൻ' എന്നും പറഞ്ഞിട്ടുണ്ട്. ഇതിനർത്ഥം ഭാരതത്തിന് 2 പ്രധാനമന്ത്രിമാർ ഉണ്ടെന്നല്ല!

4. ഈശ്വരൻ ഒന്നേയുള്ളൂവെന്നും അദ്ദേഹത്തിന് സഹായികളോ, പ്രവാചകരോ, സന്ദേശവാഹകരോ മറ്റേതെങ്കിലും മധ്യവർത്തികളോ ഇല്ലാ എന്ന് വേദങ്ങളിലെ നിരവധി മന്ത്രങ്ങളിൽ പറയുന്നുണ്ട്.

യജുർവ്വേദം 40.1- ഈ വിശ്വത്തേ മുഴുവൻ ധാരണം ചെയ്യുന്നതും നിയന്ത്രിക്കുന്നതും ഒരേ ഒരീശ്വരനാണ്. അനീതി, അന്യായമാർഗ്ഗങ്ങളിലൂടെയുള്ള ധനസമ്പാദനം എന്നിവ ചെയ്യരുത്. അതിനുപകരം ധർമ്മമാർഗ്ഗത്തിൽ ചരിച്ച് ഈശ്വരാനുഗ്രഹം നേടുക. അദ്ദേഹം മാത്രമാണ് എല്ലാ അനുഗ്രഹങ്ങളുടേയും സ്രോതസ്സ്.

ഋഗ്വേദം 10.48.1 - ഈശ്വരൻ മാത്രമാണ് സർവ്വവ്യാപകനും ഈ പ്രപഞ്ചത്തേനിയന്ത്രിക്കുന്നവനുമായിട്ടുള്ളത്. വിശ്വത്തിന്റെ അനാദിയായ കാരണമായ അദ്ദേഹം മാത്രമാണ് വിജയത്തേ നൽകുന്നത്. കുട്ടികൾ പിതാവിനേ ആശ്രയിക്കുന്നതുപോലെ എല്ലാ ആത്മാക്കളും ഈശ്വരനേ മാത്രം ആശ്രയിക്കുന്നു. അദ്ദേഹംമാത്രമാണ് നമുക്ക് സംരക്ഷണവും അനുഗ്രഹവും നൽകുന്നത്.

ഋഗ്വേദം 10.48.5- ഈശ്വരൻ ലോകത്തേമുഴുവൻ ശ്രേഷ്ഠമാക്കുന്നു. അദ്ദേഹം പരാജയമേൽക്കാത്തവനും അന്ത്യമില്ലാത്തവനുമാണ്. ജഗദുൽപ്പാദകനാണ് അദ്ദേഹം. ജ്ഞാനസമ്പാദനത്തിലൂടേയും അതിനനുസരിച്ച് ജീവിച്ചു ജീവാത്മാക്കൾ അനുഗ്രഹം നേടണം. ഈശ്വരനുമായുള്ള സൗഹൃദം ഒരിക്കലും കൈവിടരുത്.

ഋഗ്വേദം 10.49.1 - സത്യാന്വേഷകർക്ക് യഥാർത്ഥജ്ഞാനം നൽകുന്നത് ഈശ്വരൻ മാത്രമാണ്. ജ്ഞാനത്തേപരിപോഷിപ്പിക്കുന്നവനും ധർമ്മിഷ്ഠരായ മനുഷ്യർക്ക് ശ്രേഷ്ഠകർമ്മങ്ങൾ അനുഷ്ഠിക്കാൻ പ്രേരണനൽകി മോക്ഷത്തെ പ്രദാനം ചെയ്യുന്നതും അദ്ദേഹമാണ്. അദ്ദേഹം മാത്രമാണ് സ്രഷ്ടാവും ഈ ലോകത്തേ നിയന്ത്രിക്കുന്നവനും. അതിനാൽ ഈശ്വരനേയല്ലാതെ ആരേയും ആരാധിക്കരുത്.

യജുർവ്വേദം 13.4- വിശ്വത്തിന് ഒരേ ഒരു സ്രഷ്ടാവും നിയന്ത്രിതാവും മാത്രമേയുള്ളൂ. അദ്ദേഹം മോക്ഷപ്രദാനനാണ്. അദ്ദേഹത്തേ മാത്രമേ നാം ആരാധിക്കാവൂ.

(തുടരും)

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

മദൻ രഹേജ
തർജ്ജമ: സുരി



**ഈ**ശ്വരൻ, ജീവാത്മാവ്, പ്രകൃതി ഈ മൂന്ന് വസ്തുക്കൾ അനാദിയാണ്. ഇവയിൽ ഈശ്വരനും ജീവാത്മാവും ചേതനവും പരിവർത്തനശീലമില്ലാത്തതുമാണ്. അചേതനമായ പ്രകൃതിയാകട്ടെ നിരന്തരം പരിവർത്തനം ചെയ്യപ്പെടുകയും ചെയ്യുന്നു. പ്രകൃതിയിൽ പരിവർത്തനം നടക്കുന്നത് ഈശ്വരന്റെ സാന്നിദ്ധ്യത്തിലാണ്. സാമ്യാവസ്ഥയിൽ പ്രകൃതി തന്റെ സ്വരൂപത്തോട് ചേർന്ന് അപരിവർത്തിതമായി സ്ഥിതി ചെയ്യുന്നു.

ഈശ്വരാധീനത്തിലുള്ള ഇതു തന്നെയാണ് ജനനവും മരണവും.

"യസ്യഛായാമൃതം യസ്യമൃത്യു" (യജുർവ്വേദം 25.13) അതായത് ഈശ്വരന്റെ തണലിലാണ് അമരത്വം. ഈശ്വരനെ മാനിക്കാതിരിക്കുക എന്നതാണ് മൃത്യു. അതു തന്നെയാണ് ദുഃഖകാരണവും.

ഈശ്വരൻ ആനന്ദത്തിന്റെ ഭണ്ഡാരമാണ്. ഒരാളുടെ കയ്യിൽ എന്താണോ ഉള്ളത് അതാണ് മറ്റുള്ളവർക്ക് നൽകാൻ സാധിക്കുക. പരമാത്മാവ് എന്തെല്ലാം ചെയ്യുന്നുവോ അതെല്ലാം ജീവാത്മാവിന്റെ ഉപകാരത്തിനും ഐശ്വര്യത്തിനും നന്മയ്ക്കുമായാണ് ചെയ്യുന്നത്. അതിനാൽ മൃത്യുവിനെകുറിച്ച് ഭയക്കേണ്ട യാതൊരാവശ്യവുമില്ല. ഒരാളെ വേറെ ആരും സംരക്ഷിച്ചില്ലെങ്കിലും മൃത്യു സംരക്ഷിക്കുന്നു. എല്ലാതരത്തിലുള്ള ബുദ്ധിമുട്ടുകളേയും നീക്കുന്നു. മൃത്യു ആനന്ദം പ്രദാനം ചെയ്യുന്നു. മോക്ഷത്തിന് കാരണമായിതീരുന്നു. മോക്ഷാവസ്ഥയിൽ ഭൗതികശരീരം ഉണ്ടാകുന്നില്ല. ആത്മാവ് തന്റെ സ്വാഭാവിക ഗുണങ്ങളോടുകൂടി മോക്ഷാനന്ദത്തിൽ വസിക്കുന്നു.

**ചോദ്യം 50: ജീവീതം എന്നാൽ എന്താണ്? അതിന്റെ പ്രാധാന്യം എന്താണ്?**

**ഉത്തരം**: ജനനത്തിനും മരണത്തിനും ഇടയ്ക്കുള്ള സമയത്തേയാണ് ജീവിതമെന്നു പറയുന്നത്. മനുഷ്യയോനിയിൽ ജീവാത്മാവിന് ഭോഗവും യോഗവും പ്രാപ്തമാകുന്നു. മനുഷ്യജീവൻ വളരെ മഹത്വപൂർണ്ണമാണ്. ജീവിതത്തിൽ ഒരാളുടെ ഉന്നതിക്കും അവനതിക്കും കാരണമായ ശുഭാശുഭകാര്യങ്ങൾ സംഭവിയ്ക്കുന്നു. ഈ ജീവിതത്തിൽ ഒന്നും തന്നെ ചെയ്തിട്ടില്ലെങ്കിൽ ആ ജീവിതം കൊണ്ട് യാതൊരു പ്രയോജനവുമില്ല. അത് വ്യർത്ഥമായിതീരുന്നു. ജീവനകലപഠിക്കേണ്ടിയിരിക്കുന്നു. ആശയമുള്ളവനുമായിരിക്കണം. ജീവിതത്തിലെ ഓരോ നിമിഷവും സ്നേഹത്തോടുകൂടിയും ഈശ്വരന് നന്ദിയുള്ളവരായും ചിലവഴിക്കുകയാണ് വേണ്ടത്. ഈ ലോകത്തിൽ നിന്നുപോയാലും ജനങ്ങൾ ഒരാളുടെ പ്രവൃത്തികളെ കുറിച്ച് ഓർമ്മിക്കുകയും പ്രശംസിക്കുകയും ചെയ്യുമ്പോളാണ് ജീവിതം മഹത്വപൂർണ്ണമാകുന്നത്. നമ്മൾ തുടങ്ങിവെച്ച കാര്യങ്ങൾ മറ്റുള്ളവർ പൂർത്തിയാക്കും. ആരുടെ കീർത്തിയാണോ നിലനിൽക്കുന്നത് അവരുടെ ജീവിതമാണ് മഹത്വപൂർണ്ണം. വ്യക്തികൾ വരികയും പോവുകയും ചെയ്യും. ചിലരെ മാത്രം ജനങ്ങൾ ഓർക്കുകയും ആരാധിക്കുകയും ചെയ്യുന്നു. മറ്റുള്ളവരെ മറന്നുകളയുന്നു. ആരേയാണോ ഓർക്കുകയും ആരാധിക്കുകയും ചെയ്യുന്നത്. അവരുടെ ജീവിതമാണ് സാർത്ഥകമായിട്ടുള്ളത്.

(തുടരും)

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*

*(മുൻ ലക്കത്തിന്റെ തുടർച്ച)*



# വേദാന്തി ധ്വാന്തി നിവാരണം

**മഹർഷി ദയാനന്ദസരസ്വതി**

***തർജ്ജമ: കെ.എം. രാജൻ***

"യദ്വാ പരമേശ്വരോഽദിവദതി - ഹേ ജീവാ! യഃ അസൗ ആദിത്യേബാഹ്യേ സൂര്യേ കിം വാ അന്തർഗ്ഗതേ പ്രാണേ സ അസൗ അഹമേവാസ്മീതി മാം വിത്ത" || അല്ലയോ ജീവാത്മാവേ പുറത്തും അകത്തും ഞാനുള്ളതായി അറിയുക. സൂര്യാദി സ്ഥൂലജഗത്തിലും അതേപോലെ ആകാശം ജീവൻ തുടങ്ങിയ സൂക്ഷ്മജഗത്തിനിടയിലും ഞാൻ- ഈശ്വരൻ പരിപൂർണ്ണനാണ്. അങ്ങിനെ നിങ്ങൾ എന്നെ അറിഞ്ഞാലും. എന്നെ ഞാൻ ഈ മന്ത്രത്തിന്റെ മുന്നിൽ 'അഗ്നേ നയ' തുടങ്ങിയ മോക്ഷാർത്ഥത്തിനായുള്ള ഈശ്വരപ്രാർത്ഥന വർണ്ണിക്കുന്നുണ്ട്. അതായത് 'ഓം ഖം ബ്രഹ്മ' ഓം എന്ന് ആരുടേയാണോ സർവ്വോത്തമനാമമായിട്ടുള്ളത്, — ആകാശത്തിൽ വ്യാപകനും സർവ്വാധിഷ്ഠാനനും അദ്ദേഹം എല്ലാവരേക്കാളും വലുതും സർവ്വജീവാത്മാക്കളുടേയും ഉപാസ്യനുമായ ബ്രഹ്മമാണ്. "സർവ്വം ഖല്വിദം ബ്രഹ്മതജ്ജലാനിതി ശാന്ത ഉപാസീത" ഇത് ഛാന്ദോഗ്യഉപനിഷത് മന്ത്രമാണ്. ഇതിന്റെ അർത്ഥവും താൽസന്ധ്യോപാധി കൊണ്ട് കാണണം. "ഇദം സർവ്വം ജഗത് ബ്രഹ്മ അർത്ഥാത് ബ്രഹ്മസ്ഥമ് | യദ്വാ ഇദം യജ്ഞഗദധിഷ്ഠാനം തൽസർവ്വം ബ്രഹ്മൈവ, നാത്ര കിഞ്ഞ്ചിദ്വസ്ത്വന്തരം മിലിതാമിതി വിജ്ഞേയമ്, യഥേദം സർവ്വം ഘ്യതമേവ നേദം തൈലാദിഭി മിശ്രിതമിതി" ||

ഈ സർവ്വജഗത്തും ബ്രഹ്മനാമത്തിലുള്ള ബ്രഹ്മസ്ഥം തന്നെയാണ്. അഥവാ ഇ പ്രത്യക്ഷാന്തര്യാമി ചേതനവും കേവലം ഏകരസബ്രഹ്മവസ്തുവുമാണ്. ഇതിൽ വേറൊരു വസ്തുവും കൂടി ചേർന്നിട്ടില്ല. ഇതെല്ലാം നെയ്യാണ്, മറ്റു തൈലങ്ങളുടെ മിശ്രിതമല്ലാ എന്നാരോ പറഞ്ഞതുപോലെ. ആ ബ്രഹ്മത്തെ ശാന്തനായി ജീവാത്മാവ് അവശ്യം ഉപാസിക്കണം. മറ്റാരേയും ഉപസിക്കരുത്.

2. രണ്ടാമതായി ഈ ശരീരത്തിലെ കർത്താവും ഭോക്താവും ജീവാത്മാവാണ്. എന്തെന്നാൽ ബുദ്ധി തുടങ്ങിയവ ജഡപദാർത്ഥങ്ങളും ജീവനെ ആശ്രയിച്ച് നിൽക്കുന്നതുമാണ്. അതിനാൽ പാപ-പുണ്യങ്ങളുടെ കർത്താവും ഭോക്താവും ജീവാത്മാവിൽ നിന്നന്യമായ ആരുമല്ല. എന്തെന്നാൽ ബൃഹദാരകണ്യാദി ഉപനിഷത്തുകളിലും വ്യാസസൂത്രഃ, വേദാദിശാസ്ത്രങ്ങളിലും തുടങ്ങിയവയിൽ ഈ സിദ്ധാന്തങ്ങളാണുള്ളത്. ശ്രോത്രേണ ശ്യണോതി, ചക്ഷുഷാ പശ്യതി, ബുദ്ധ്യാനിശ്ചിനോതി, മനസാ സങ്കൽപയതി തുടങ്ങിയവ പ്രതിപാദിച്ചുകാണുന്നുണ്ട്. 'അസിനാഛിന്നതി ശിരഃ' വാളിനാൽ ഒരാളുടെ തലവെട്ടുന്നു. ഇവിടെ വെട്ടുന്നതിന്റെ കർത്താവ് മനുഷ്യനാണ്. വെട്ടുന്നതിനുള്ള ഉപകരണം വാളുംവെട്ടപ്പെടുന്ന കർമ്മം തലയുമാണ്. ഇതിൽ പാപവും ശിക്ഷയും മനുഷ്യനാണ് (അതായത് കൊല്ലുന്നവന്) വാളിനല്ല. ഇതേപോലെ ശ്രോത്രം തുടങ്ങിയവയിലൂടെയുള്ള പാപപുണ്യകർമ്മങ്ങളുടെ കർത്താവും ഭോക്താവും ജീവാത്മാവാണ്. മറ്റാരുമല്ല, ഗൗതമമുനിയും വ്യാസൻ തുടങ്ങിയവരും പ്രമാണിച്ചതാണിവ.

(തുടരും)

***ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)***
***അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും***





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

***മഹർഷി ദയാനന്ദ സരസ്വതി***
*തർജ്ജമ: കെ.എം. രാജൻ*




**പിതൃഭിർഭ്രാ | പൂജിതോഽതിഥിഃ | പൂജിതോ ഗുരുഃ, ഇത്യാദി |**

(മനുസ്മൃതി 3.55)

അപ്പോൾ ദേവന്റെ പൂജ എന്നതിന് പരമാത്മാവിന്റെ സത്ക്കാരമെന്ന അർത്ഥം വരും. ചേതനവസ്തുക്കൾക്കാണ് സത്ക്കാരം ചെയ്യുക. ജഡപദാർത്ഥങ്ങൾക്ക് അഥവാ ബിംബങ്ങൾക്ക് സത്ക്കാരം നൽകാനാവില്ല. വേദമന്ത്രപാഠത്താൽ ഈശ്വരന് സത്ക്കാരം നൽകപ്പെടുന്നു. ഇതിനാലാണ് പ്രാചീനആര്യന്മാർ ഹോമത്തോടൊപ്പം മന്ത്രപാഠത്തിന് വ്യവസ്ഥ ചെയ്തത്. ഇത്തരത്തിൽ യജ്ഞശാലയ്ക്ക് ദേവായതനം അഥവാ ദേവാലയം എന്നു പറയപ്പെടുന്നു.

**തസ്മാത് സർവ്വഗതം ബ്രഹ്മ നിത്യം യജ്ഞേ പ്രതിഷ്ഠിതമ്**

(മഹാഭാരതത്തിലെ ഗീത 3.15)

അതിനാൽ ബ്രഹ്മജയജ്ഞം അഥവാ വേദാദ്ധ്യയനം അഞ്ചുമഹായജ്ഞങ്ങളിൽ ഒന്നാണ്.

**സ്വാദ്ധ്യായേനാർച്ചയേതർഷീന് ഹോമൈർ ദേവാൻ യഥാവിധി (മനുസ്മൃതി 3.81)**

ഇതിൽ നിന്നും ദേവാലയമെന്നാൽ നവീനങ്ങളായ ക്ഷേത്രങ്ങൾ എന്ന് തെറ്റിദ്ധരിക്കരുത്. ദേവാലയമെന്നാൽ യജ്ഞശാലയാണ്. ഇനി രണ്ടാമത്തെ അർത്ഥം - സംഗതീകരണം - അത്യന്തപ്രീതിപൂർവ്വം, പ്രേമപൂർവ്വം ദേവതാധ്യാനം, ദേവതയുടെ വിചാരം, സത്പുരുഷസംഗമം എന്നിവയേയും യജ്ഞമെന്നു പറയുന്നു.

മൂന്നാമത്തെ അർത്ഥമായ ദാനം - വിദ്യാദാനത്തെ ഉപേക്ഷിച്ചുള്ള ദാനമൊന്നും ദാനമല്ല. കേവലം വിദ്യയുടെ ദാനമാണ് ദാനം. അന്നവസ്ത്രാദികളുടെ ദാനം വിദ്യാദാനത്തെ സഹായിക്കുന്നു. അതിനാൽ അതിനെയും ദാനമെന്നുപറയുന്നത് ഉചിതമാണ്. വിദ്യാദാനം അക്ഷയദാനമാണ്.

ഇനിയജ്ഞത്താൽ എന്തെല്ലാം ഫലങ്ങൾ ഉണ്ടാവുന്നു എന്ന് നോക്കാം. വിറക്, നെയ്യ് എന്നിവ അഗ്നിയിൽ ജ്വലിപ്പിക്കുന്നതാണ് യജ്ഞമെന്ന് വേദങ്ങളിലെ രൂഢാർത്ഥം. നെയ്യും

***മാ സ്രോധത (ഋഗ്വേദം 6.32.9)***
***ഹിംസ ചെയ്യാതിരിക്കൂ***

വിറകും മറ്റും തീയിൽ കത്തിച്ചുകളയുന്നതുകൊണ്ടുള്ള നേട്ടമെന്താണ് എന്ന സംശയം തോന്നാം. അതിനുള്ള ഉത്തരം ഇതാണ്.

ശതപഥബ്രാഹ്മണം പറയുന്നു. 'ജനതായൈ യജ്ഞോ ഭവതീതി' (യജ്ഞോപി തസ്യൈ ജനതായൈ കൽപ്പതെ യത്രൈവം വിദ്വാൻ ഹോതാ ഭവന്തി എന്നത് തുലനം ചെയ്യുക. ഐതരേയ ബ്രാഹ്മണം 1.2) പുഷ്ടി, വർദ്ധനം, സുഗന്ധം, നൈരോഗ്യം എന്നീ 4 പ്രയോജനങ്ങൾ യജ്ഞം അഥവാ ഹോമം നടത്തുന്നതിലൂടെ ലഭിക്കുന്നു. വ്യക്തമായ നിയമാനുസരണം ഹോമം ചെയ്താൽ മാത്രമേ ഈ പ്രയോജനങ്ങൾ ലഭിക്കുകയുള്ളൂ.

ശതപഥ ബ്രാഹ്മണത്തിൽ ഇങ്ങിനെ പറയുന്നു. 'സംസ്കൃതം ഹവിഃ ഹോതവ്യമിതി യോഗ്യമായ രീതിയിൽ യഥാവിധി ഹോമം ചെയ്യണം.' ഇഷ്ടം പോലെ നെയ്യ് ആഹുതി ചെയ്തോ സ്രുവം നിറച്ച് വർഷം മുഴുവൻ നെയ്യ് ആഹുതിചെയ്താലോ ഹോമമാവില്ല. ചിലർ പറയുന്നത് ഹോമമെന്നത് ദേവതകളെ ഉദ്ദേശിച്ച് ചെയ്യുന്ന ആഹുതികളാണെന്നും ദേവതകൾ യജ്ഞസ്ഥലത്ത് വന്ന് ആ സുഗന്ധത്തെ സ്വീകരിക്കുന്നുവെന്നും അതിനാൽ ഹോമം ചെയ്യണമെന്നുമാണ്. എന്നാലിത് ശരിയല്ല.

ദേവലോകത്ത് സുഗന്ധത്തിന് എന്തെങ്കിലും കുറവുണ്ടോ? നമ്മളർപ്പിക്കുന്ന സുഗന്ധവസ്തുക്കൾ സ്വീകരിക്കുവാൻ മാത്രം അവരെന്തിന് വരണം?

*(തുടരും)*

**ദയാനന്ദ സന്ദേശം വൈദിക മാസിക**



*സത്യ – സനാതന – വൈദികധർമ്മ സന്ദേശം!*
*അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ*
*വൈദിക സിംഹഗർജ്ജനം! ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!*

**സൗജന്യ മാതൃകാ കോപ്പിയ്ക്ക് 1 രൂപ സ്റ്റാമ്പ് അയ്ക്കുക**
**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**
**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം : വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം, ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**
*Email: dayanandasandesam@gmail.com*
*ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.*

DAYANANDA SANDESAM
Bank Account No: 4264000100072426, IFSC Code : PUNB 0426400, Punjab National Bank- Cherpalcheri Branch

*മാ നിന്ദത (ഋഗ്വേദം 4.5.2)*
*നിന്ദിക്കാതിരിക്കൂ!*





*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരല്പയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം 3



**അ**സ്തമയാദ്രികടന്ന് സൂര്യൻ അറബിക്കടലിൽ പോയി. പാർവണ സ്നാനം നടത്തി ദേഹശുദ്ധിവരുത്തി ബംഗാളുൾക്കടലിൽ തർപ്പണാർത്ഥം എഴുന്നെള്ളുന്ന വിശ്വദേവനായ സവിതാവിന്റെ പാവന ചെങ്കതിർ ചാർത്തണിച്ചെമ്മേഘശകലങ്ങൾ നീലാന്തരാളത്തിൽ കാറ്റിലലയുന്നത് കാണുമ്പോൾ തിങ്ങിയ വനാന്തരത്തിൽ സ്വതന്ത്രമായി അല്ലലേന്യേ തുള്ളിച്ചാടിയോടികൊമ്പിട്ടുരസി സല്ലപിക്കുന്ന മാൻ കൂട്ടങ്ങളെയാണോർമ്മവരുന്നത്. എന്തൊരു ഭംഗി! എന്തൊരാകർഷണീയത! സൃഷ്ടികലയുടെ ആഴംകണ്ടവരാരുണ്ട്? പരംപൊരുളിന്റെ - ബ്രഹ്മാ - വിഷ്ണു - മഹേശ്വരാദി ദിവ്യഗുണ ഭണ്ഡാരങ്ങളായ ദേവസമൂഹം കൂടി അടിപണിയുന്ന പരംപൊരുളിന്റെ പ്രേരണയാൽ സൃഷ്ടിക്കുന്നസ്രഷ്ടാവ് തന്നെ അടിയറവു പറഞ്ഞുവെന്നല്ലെ മാർക്കാണ്ഡേയപുരാണം ഉൽഘോഷിക്കുന്നത്? പിന്നെയുണ്ടോ നമ്മളേപ്പോലുള്ള പുഴുക്കൾ?

പശ്ചിമാദ്രിയുടെ അരുമക്കിടാങ്ങളായ മായന്നൂർ കുന്നുകളെ താരാട്ട്പാടി താലോലിച്ചുകൊണ്ട് ഒരു കാലത്ത് അറബിക്കടലിലേക്ക് കുതിച്ചുകൊണ്ടിരുന്ന പുണ്യവാഹിനായാണിതെന്നാരു പറയും? നിർദ്ദയരായ പ്രകൃതിചൂഷകരാക്ഷസരുടെ കോടാലിക്കിരയായി മുടിപറ്റെവടിച്ച മൊട്ടത്തല പോലെ പൊങ്ങി നിൽക്കുന്ന മേടുകൾ. അവയിൽ അങ്ങിങ്ങായി ശീലപോയി വില്ലു (കമ്പി) മാത്രം അവശേഷിച്ച ശീലക്കുടപോലെ ഇലകൊഴിഞ്ഞു ശുഷ്ക്കിച്ച ഓരോ മരങ്ങൾ മാത്രം. ദുർഭിക്ഷത്തിന്റെ നഗ്നപ്രതിരൂപങ്ങൾ. ഇന്നവയെ താലോലിക്കുന്നത് മരുപ്പരപ്പിനെ വെല്ലുവിളിച്ചൊഴുകുന്ന ചുട്ടമണൽക്കാറ്റാണ്. ദുർല്ലഭമായി ചിലജലരേഖകൾ കാണാമെങ്കിലും ഫർലോങ്ങുതോറും പാതാളക്കിണറുകളാണ് പുഴയിൽ. മനുഷ്യപിതാവായ മനുവിന് ജന്മമേകി, മാനവ - കീട - പതംഗാദികളുടെ ലോകൈകമാതാവായി ജ്ഞാന - വിജ്ഞാനങ്ങളുടെ ഉത്ഭവസ്ഥാനമായി വർത്തിച്ചിരുന്ന ഭാരത - പ്രകാശരമിതപുണ്യഭൂമിയുടെ ദയനീയാവസ്ഥകണ്ടാൽ ദേശാഭിമാനം തെല്ലെങ്കിലും മുക്കിലോ മൂലയിലെ അശേഷിപ്പുള്ളവരുടെ നെഞ്ചുപൊട്ടിപ്പോകും. വെറും ഭൗതികശാസ്ത്രാതിപ്രസൃത സംസ്കാരത്തിന്റെ പരിണിതഫലമല്ലെ ഈ ദയനീയത. പ്രകൃതിയുടെ ഞരമ്പ് ഞരമ്പാന്തരം സൂചി കുത്തിയിറക്കി രക്തം വലിച്ചൂറ്റികുടിക്കാനുള്ള ഈ അത്യാർത്തി?

*(തുടരും)*

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*
*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*